# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട മുൻസിപ്പാലിറ്റിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ.ജി.വിശ്വംബരൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത TA No.1129/2013 (WP(C) 18235/12) മേലുള്ള 21/11/2016 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================== =============================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2125/2017/തസ്വഭവ തീയതി, തിരുവനന്തപുരം :24/06/2017

പരാമർശം : 1) 22/11/2010 ലെ സ.ഉ.(സാധാ) നം.3660/2010/തസ്വഭവ.

2) നഗരകാര്യ ഡയറക്ടറുടെ 18/08/2011 ലെ ജി2-15536/10, 03/05/2012 ലെ ജി2-5305/12 നമ്പർ നടപടിക്രമങ്ങൾ (Ext,P8 & P7).

3) പത്തനംതിട്ട മുൻസിപ്പാലിറ്റിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ.ജി.വിശ്വംബരൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത TA No.1129/2013 (WP(C) 18235/12) മേലുള്ള 21/11/2016 ലെ അന്തിമ വിധിന്യായം.

4) ശ്രീ.ജി.വിശ്വംബരൻ സർക്കാരിന് സമർപ്പിച്ച് 13/12/2016 തീയതിയായുള്ള നിവേദനം.

## ഉത്തരവ്

പത്തനംതിട്ട മുൻസിപ്പാലിറ്റിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ.ജി.വിശ്വംബരൻ, തനിക്ക് റെഗുലർ വിഭാഗം ജീവനക്കാരെ പോലെ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത TA No.1129/2013 (WP(C) 18235/12) മേലുള്ള പരാമർശം (3) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ ബഹു.കോടതി ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

"In view of Exts.P7 and P8 orders dated 03/05/2017 and 18/08/2011 granting the benfit of reckoning the entire provisional service for the purpose of pension in respect of similarly ssituated persons from the same Muncipality, ie, Pathanamthitta Muncipality, there will be a direction to the first respondent to reconsider the matter in the light of Exts.P7 and P8 orders. The first respondent shall reconsider the matter and issue appropriate orders within a period of three months from the date of receipt of a copy of this order".

2) മേൽപ്പറഞ്ഞ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ജി.വിശ്വംബരൻ പരാമർശം (4) പ്രകാരം സർക്കാരിന് നിവേദനം സമർപ്പിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം III ചട്ടം 4 പ്രകാരം നിശ്ചിത കാലയളവിലേയ്ക്ക് താല്ക്കാലികമായി നിയമിതരായവർക്ക് യാതൊരു പെൻഷനും അർഹതയില്ല. എന്നിരുന്നാലും ശ്രീ.വിശ്വംഭരൻ ഫയൽ ചെയ്ത 32635/02 നമ്പർ കേസിലെ വിധി നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിപരീതമായി ടിയാന് അനുകൂലമായി പ്രഖ്യാപിച്ചിട്ടുള്ള

സാഹചര്യത്തിലാണ് പ്രത്യേക കേസായി പരിഗണിച്ച് ടിയാന് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി പരാമർശം (1) പ്രകാരം ടിയാന് എക്സ്ഗ്രേഷ്യാ പെൻഷൻ അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകിയത്. എന്നാൽ ബഹു.സുപ്രീംകോടതിയുടെ Appeal (Civil) 3595-3612 of 1999 State of Karnataka Vs. Uma Devi എന്ന കേസിന്റെ 10.04.2006 ലെ വിധിന്യായത്തിൽ, 10 വർഷത്തിൽ കൂടുതൽ കാലം താൽകാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ജീവനക്കാരെ ഒറ്റത്തവണ പദ്ധതി പ്രകാരം സ്ഥിരപെടുത്തേണ്ടതും അതിനുശേഷം താൽകാലിക ജീവനക്കാരെ സ്ഥിരപെടുത്തുവാൻ പാടില്ലയെന്നും നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീ.ജി.വിശ്വംഭരന്റെ താൽക്കാലിക സർവ്വീസ് യാതൊരു കാരണവശാലും ക്രമവൽക്കരിച്ച് പെൻഷൻ അനുവദിക്കാൻ കഴിയുകയില്ല.

5) മേൽ സാഹചര്യത്തിൽ, തനിക്ക് റെഗുലർ വിഭാഗം ജീവനക്കാരെ പോലെ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കമമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ.ജി.വിശ്വംബരന്റെ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

എസ്.മോഹൻദാസ്

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പത്തനംതിട്ട മുൻസിപ്പാലിറ്റി
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ